**കേരള കാർഷിക സർവ്വകലാശാല**
**കോളേജ് ഓഫ് കോ-ഓപ്പറേഷൻ, ബാങ്കിങ്ങ് & മാനേജ്മെന്റ്**
**വെള്ളാനിക്കര**

**ദർഘാസ് പരസ്യം**

നമ്പർ:ജിഎൽ/170/2022(i) തീയതി: 13-04-2022

കേരള കാർഷിക സർവ്വകലാശാലയിലെ വെള്ളാനിക്കര കോ-ഓപ്പറേഷൻ, ബാങ്കിങ്ങ് & മാനേജ്മെന്റ് കോളേജിലെ കസേര, മേശ, അലമാര തുടങ്ങിയ സ്റ്റീൽ ഫർണീച്ചറുകളുടെ അറ്റകുറ്റപ്പണികൾക്കും പെയിന്റിങ്ങിനും പരിചയ സമ്പന്നരായ കരാറുകാരിൽ നിന്നും മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു.

| പ്രവൃത്തികളുടെ പേര് | ദർഘാസ് ഫോം | നിരതദ്രവ്യം | പൂർത്തീകരണ കാലാവധി |
|---|---|---|---|
| സ്റ്റീൽ ഫർണീച്ചറുകളുടെ അറ്റകുറ്റപ്പണികളും, പെയിന്റിങ്ങും | 600 രൂപ | മൊത്തം തുകയുടെ ഒരു ശതമാനം | 25 ദിവസം |

3
ദർഘാസ് തിരികെ ലഭിക്കേണ്ട അവസാന തീയതിയും സമയവും:
25 **~~22~~-04-2022 ഉച്ചക്ക് 12.00 മണി** 3

ദർഘാസ് തുറക്കുന്ന തീയതിയും സമയവും: 25 **~~22~~-04-2022** ഉച്ച കഴിഞ്ഞ് **2.30**

**പ്രവൃത്തികളുടെ വിവരണം**

**<u>സ്റ്റീൽ ഫർണീച്ചറുകളുടെ അറ്റകുറ്റപ്പണികൾ/പെയിന്റിങ്ങ്</u>**

| ക്രമ നമ്പർ | പ്രവൃത്തികൾ | എണ്ണം/ അളവ് |
|---|---|---|
| 1 | കസേര പെയിന്റ് പൂർണ്ണമായി കളഞ്ഞ ശേഷം പ്രൈമർ അടിച്ച് വീണ്ടും പെയിന്റ് ചെയ്യണം. അറ്റകുറ്റപ്പണികൾ ആവശ്യമെങ്കിൽ ചെയ്യേണ്ടതാണ് | 173 എണ്ണം |
| 2 | മേശ ടോപ്പ് മാറ്റണം. പെയിന്റ് പൂർണ്ണമായി കളഞ്ഞ ശേഷം പ്രൈമർ അടിച്ച് വീണ്ടും പെയിന്റ് ചെയ്യണം. ലോക്ക് മാറ്റണം. മറ്റു റിപ്പയർ ആവശ്യമെങ്കിൽ ചെയ്യേണ്ടതാണ് | 2 എണ്ണം |
| 3 | മേശ പെയിന്റ് പൂർണ്ണമായി കളഞ്ഞ ശേഷം പ്രൈമർ അടിച്ച് വീണ്ടും പെയിന്റ് ചെയ്യണം. ലോക്ക് ശരിയാക്കുക. മറ്റു അറ്റകുറ്റപ്പണികൾ എന്നിവ ആവശ്യമെങ്കിൽ ചെയ്യേണ്ടതാണ് | 17 എണ്ണം |
| 4 | അലമാര പെയിന്റ് പൂർണ്ണമായി കളഞ്ഞ ശേഷം പ്രൈമർ അടിച്ച് വീണ്ടും പെയിന്റ് ചെയ്യണം. ലോക്ക് ശരിയാക്കുക. മറ്റു അറ്റകുറ്റപ്പണികൾ എന്നിവ ആവശ്യമെങ്കിൽ ചെയ്യേണ്ടതാണ് | 9 എണ്ണം |

ഫർണീച്ചറുകൾ ഉത്തരവാദിത്തത്തോടെയും കാര്യക്ഷമതയോടു കൂടിയും ഇറക്കി കൊണ്ടു പോയി പെയിന്റ് ചെയ്ത് യഥാസ്ഥാനത്ത് തിരികെ കൊണ്ടു വന്ന് ഇടേണ്ടതാണ്. അതിനാൽ ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെയുള്ള തുക കൂടി ചേർത്തു വേണം പ്രവൃത്തികളുടെ തുക കാണിക്കേണ്ടത്.

## ദർഘാസ് വ്യവസ്ഥകൾ

1) ദർഘാസ് ഫോമും മറ്റു വിവരങ്ങളും കേരള കാർഷിക സർവ്വകലാശാലയുടെ വെബ്സൈറ്റിൽ ലഭ്യമാണ് (http://www.kau.in/tenders).

2) ദർഘാസ് ഫോമിനോടൊപ്പം ദർഘാസ് ഫോമിന്റെ വില ഡീൻ, കോളേജ് ഓഫ് കോ-ഓപ്പറേഷൻ, ബാങ്കിങ്ങ് & മാനേജ്മെന്റ്, വെള്ളാനിക്കരയുടെ പേരിൽ എടുത്ത എസ്.ബി.ഐ, കെ.എ.യു. ബ്രാഞ്ചിൽ (IFSC SBIN0070670) മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി ഉൾപ്പെടുത്തേണ്ടതാണ്.

3) ദർഘാസിൽ രേഖപ്പെടുത്തിയിരിക്കുന്ന മൊത്തം തുകയുടെ ഒരു ശതമാനം നിരതദ്രവ്യമായി ഡീൻ, കോളേജ് ഓഫ് കോ-ഓപ്പറേഷൻ, ബാങ്കിങ്ങ് & മാനേജ്മെന്റ്, വെള്ളാനിക്കരയുടെ പേരിൽ എടുത്ത നാഷണലൈസ്ഡ് ബാങ്കുകൾ അഥവാ ഷെഡ്യൂൾഡ് ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നുമെടുത്ത ഡിമാന്റ് ഡ്രാഫ്റ്റായി അടക്കേണ്ടതാണ്.

4) ടെണ്ടർ ലഭിക്കുന്ന പക്ഷം 200 രൂപയുടെ മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് എഴുതി ഡീൻ, കോളേജ് ഓഫ് കോ-ഓപ്പറേഷൻ, ബാങ്കിങ്ങ് & മാനേജ്മെന്റ്, വെള്ളാനിക്കര മുമ്പാകെ സമർപ്പിക്കേണ്ടതാണ്. എഗ്രിമെന്റിന്റെ രൂപരേഖ കെ.എ.യു. വെബ്സൈറ്റിൽ ലഭ്യമാണ്.

5) പ്രവൃത്തികളുടെ നിരക്കുകളും സാധന സാമഗ്രികളുടെ വിവരണങ്ങളും സമർപ്പിക്കുന്ന ദർഘാസിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

6) ദർഘാസിലും അത് ഉള്ളടക്കം ചെയ്യുന്ന കവറിലും "സ്റ്റീൽ ഫർണീച്ചറുകളുടെ അറ്റകുറ്റപ്പണികൾക്കും പെയിന്റിങ്ങിനും ഉള്ള ടെണ്ടർ" എന്ന് ആലേഖനം ചെയ്തിരിക്കണം. ദർഘാസിനോടൊപ്പം കരാറുക്കാരന്റെ പാൻ സർട്ടിഫിക്കറ്റിന്റെ പകർപ്പും ജി.എസ്.ടി. രജിസ്ട്രേഷന്റെ പകർപ്പും വയ്ക്കേണ്ടതാണ്.

7) നിശ്ചിത സമയപരിധിക്കകം ലഭിക്കാത്തതോ, മതിയായ രേഖകൾ ഹാജരാക്കാത്തതോ, അപൂർണ്ണമായതോ ആയ ദർഘാസുകൾ യാതൊരറിയിപ്പും കൂടാതെ നിരുപാധികം നിരസിക്കുവാനുള്ള അധികാരം ഡീനിൽ നിക്ഷിപ്തമായിരിക്കും.

8) ഫർണീച്ചറുകൾ ഉത്തരവാദിത്തത്തോടെയും കാര്യക്ഷമതയോടു കൂടിയും ഇറക്കി കൊണ്ടു പോയി പെയിന്റ് ചെയ്ത് യഥാസ്ഥാനത്ത് തിരികെ കൊണ്ടു വന്ന് ഇടേണ്ടതാണ്. അതിനാൽ ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെയുള്ള തുക കൂടി ചേർത്തു വേണം പ്രവൃത്തികളുടെ തുക കാണിക്കേണ്ടത്.

9) ദർഘാസ് ലഭിച്ച വ്യക്തി അഥവാ കമ്പനി ആകെ പദ്ധതി തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് ഡിമാന്റ് ഡ്രാഫ്റ്റ് ആയി ഡീൻ, കോളേജ് ഓഫ് കോ-ഓപ്പറേഷൻ, ബാങ്കിങ്ങ് & മാനേജ്മെന്റ്, വെള്ളാനിക്കരയുടെ പേരിൽ

എസ്.ബി.ഐ, കെ.എ.യു ബ്രാഞ്ചിൽ മാറാവുന്ന ഡ്രാഫ്റ്റായി സമർപ്പിക്കേണ്ട താണ്. ദർഘാസിൽ രേഖപ്പെടുത്തിയ വർക്കുകൾ ഉത്തരവാദിത്തത്തോടെ ചെയ്തു കഴിഞ്ഞാൽ മാത്രമേ സെക്യൂരിറ്റി തുക തിരികെ നൽകുകയുള്ളു.

10) യാതൊരു കാരണവും കാണിക്കാതെ ദർഘാസ് സ്വീകരിക്കുവാനും നിരസിക്കുവാനുമുള്ള അധികാരം സ്ഥാപന മേധാവിയിൽ നിക്ഷിപ്തമാണ്.

11) അഡ്വാൻസ് പേമെന്റ് നടത്തുന്നതല്ല.

12) ദർഘാസ് ~~22~~ 25-04-2022 ഉച്ചയ്ക്ക് 12 മണി വരെ സ്വീകരിക്കുന്നതായിരിക്കും.

13) ദർഘാസുകൾ ~~22~~ 25-04-2022 ഉച്ച കഴിഞ്ഞ് 2.30-ന് സന്നിഹിതരായിട്ടുള്ള കരാറുകാരുടേയും ഉത്തരവാദിത്തപ്പെട്ടവരുടേയും സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

14) ദർഘാസ് വ്യവസ്ഥകൾ ലംഘിക്കുന്നവരുടെ നിരതദ്രവ്യം സർവ്വകലാശാലക്ക് മുതൽക്കൂട്ടായരിക്കും.

ദർഘാസിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയത്ത് സി.സി.ബി.എം. കോളേജിൽ നിന്ന് നേരിട്ടോ 0487-2438503 എന്ന ഫോൺ നമ്പറിലോ അറിയാവുന്നതാണ്.

13/4/22

ഡീൻ-ഇൻ-ചാർജ്ജ്

ദർഘാസ് പരസ്യം പ്രസിദ്ധപ്പെടുത്തുന്നത്.

1) സി.സി.ബി.എം. നോട്ടീസ് ബോർഡ്
2) കെ.എ.യു. വെബ്സൈറ്റ് (www.kau.in)
3) കെ.എ.യു. കാന്റിൻ നോട്ടീസ് ബോർഡ്